**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് ഫ്രീ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഫിലമെന്റ് ഫ്രീ കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനം ഊർജ്ജ രംഗത്ത് നടപ്പാക്കുന്ന ബൃഹത്തായ ജനകീയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി. ഫിലമെന്റ് ബൾബുകളിൽ നിന്നും സംസ്ഥാനത്തെ വിമുക്തമാക്കി പകരം ഊർജ്ജക്ഷമതയുള്ള എൽ. ഇ. ഡി ബൾബുകൾ സ്ഥാപിക്കുക, ഉപഭോക്താക്കളിൽ നിന്നും തിരികെ വാങ്ങുന്ന ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ-കളും സുരക്ഷിതമായി സംസ്കരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നിലവിലുള്ള ഇത്തരം ബൾബുകളിലെ മെർക്കുറി സൃഷ്ടിക്കുന്ന മലിനീകരണ സാധ്യത കുറയ്ക്കുക, ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പ് വരുത്തുക, ഊർജ്ജാവശ്യത്തിനുള്ള കാർബൺഡൈയോക്സൈഡ് ഉത്സർജനം കുറയ്ക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ആദ്യഘട്ടമായി ലഭ്യമാക്കുന്ന 1 കോടി എൽ.ഇ.ഡി ബൾബുകൾ വഴി പ്രതിദിനം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവഴി വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളായ തെർമൽ പവർ സ്റ്റേഷനിൽ നിന്ന് പുറത്തേക്കു വിടുന്ന കാർബൺഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിന് സാധിക്കുന്നു. കൂടാതെ 90MW പീക്ക് ലോഡ് ഡിമാന്റ് കുറയ്ക്കാമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; വിശദാംശം നൽകുമോ; | (ബി) | എൽ.ഇ.ഡി ബൾബിന്റെ ആവശ്യകത കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ ഗാർഹിക ഉപഭോക്താക്കൾക്ക് അവസരം നൽകിയിരുന്നു. ആദ്യഘട്ടത്തിൽ 13.27ലക്ഷം ഗാർഹിക ഉപഭോക്താക്കൾ 107ലക്ഷം എൽ.ഇ.ഡി ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു കോടി ബൾബുകൾ വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബൾബ് ഒന്നിന് ഉപഭോക്താക്കൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് അറിയിക്കുമോ? | (സി) | ബൾബ് ഒന്നിന് 65 രൂപയാണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ